# പോലീസ് വകുപ്പ്

# കേരളം

**No. R1-128442/2017/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 06-02-2018

ലേല പരസ്യം

പോലീസ് ആസ്ഥാനത്തിൻറെ അധീനതയിൽ ഉള്ളതും തിരുവനന്തപുരം എസ് എ പി ക്യാമ്പ് പരിസരത്ത് സ്ഥിതി ചെയ്യുന്നതുമായ സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ട്മെന്റിന് ഉപയോഗമില്ലാത്തതുമായ സ്പെയർ പാർട്സ് , ടയറുകൾ , ട്യൂബ് എന്നിവ 2018 ഫെബ്രുവരി 28-ന് ബുധനാഴ്ച പകൽ 11 മണിക്ക് സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു .

നിരതദ്രവ്യം : 1500 രൂപ

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മുകളിൽ പറഞ്ഞിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതുമാണ്. കൂടാതെ ടി സാധനം വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തികളിൽ നിന്നും മുൻകൂർ മുദ്ര വച്ച കവറിൽ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. അവ നേരിട്ടോ തപാൽ മാർഗ്ഗമോ 2018 ഫെബ്രുവരി 26-ന് വൈകുന്നേരം 4 മണിക്ക് മുൻപായി പോലീസ് ആസ്ഥാനത്ത് ലഭിക്കത്തക്ക വിധം അയച്ചു തരേണ്ടതാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽ പറഞ്ഞിരിക്കുന്ന നിരക്കിലും തുകക്കുമുള്ള ഡിമാണ്ട് ഡ്രാഫ്റ്റ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. . ടെണ്ടർ ഫോം ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ പോലീസ് ആസ്ഥാനത്ത് നിന്ന് ലഭിക്കുന്നതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിന് മുകളിൽ ഉപയോഗശൂന്യമായ ടയർ, ട്യൂബ് സ്പെയർ പാർട്സ്സുകൾ എന്നിവയുടെ ലേലത്തിനുള്ള ടെൻണ്ടർ എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് ആ തുകക്ക് യുക്തം എന്ന് തോന്നുന്ന പക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ലേലം /ദർഘാസ് തുക നികുതി ഉൾപ്പെടെ (നിരത ദ്രവ്യം ഒഴിച്ച്) ലേല സ്ഥലത്ത് വച്ച് അടക്കേണ്ടതുമാണ്. പോലീസ് ആസ്ഥാനത്ത് നിന്നും ഉത്തരവ് ലഭിച്ച 07 ദിവസത്തിനകം ലേല /ദർഘാസ് പ്രകാരം ലഭിച്ച സാധനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻ മടക്കി നൽകുന്നതാണ്.

മേൽ പറഞ്ഞ പ്രകാരം ലേലം /ദർഘാസ് കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതും പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതുമാണ്. പുനർ ലേലത്തിൽ മുൻ വിൽപ്പനയെക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നതും സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ ഉപയോഗശൂന്യമായ സാധനങ്ങൾ ലേലത്തിന് മുൻപുള്ള 10 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 05 മണിവരെയുള്ള സമയത്ത് തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് പോലീസ് സൂപ്രണ്ടിൻറെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരുകാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം /ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

R1-128442/2017/PHQ

3b166e

അജിത് കെ
സൂപ്രണ്ട് ഓഫ് പോലീസ്
For State Police Chief

സ്വീകർത്താവ് : സുപ്രണ്ട് ഗവ. പ്രസ്സ് . തിരുവനന്തപുരത്തിന് 05 പകർപ്പുകൾ ഗസറ്റഡ് വിജ്ഞാപനത്തിനായി അയയക്കുന്നു. എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി , ADGP, SCRB, SP.SCRB എന്നിവർക്ക് പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് , എസ് പി (എം ടി) പി എച്ച് ക്യു വിനും ഡി വൈഎസ് പി (എം ടി), പി എച്ച് ക്യു വിനും ഡ്യൂട്ടി ഓഫീസർ പി എച്ച് ക്യുവിനും , ഇൻഫർമേഷൻ ഓഫീസർ പി എച്ച് ക്യു - വിനും അറിവിലേക്കും അനന്തര നടപടികൾക്കായി, Commandant എസ് എ പി പി എച്ച് ക്യു കാഷ്യറിന്റെ അറിവിലേക്കും അനന്തര നടപടികൾക്കായി .